**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 827** **09-10-2024 - ൽ മറുപടിയ്ക്ക്**

**പ്രൊഫഷണൽ എൻട്രൻസ് പഠനത്തിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി വിഭാഗ വിദ്യാർത്ഥികളിൽ നിന്നും പ്രൊഫഷണൽ എൻട്രൻസ് പഠനത്തിന് എത്തുന്നവർക്ക് ഏതെല്ലാം പദ്ധതികളിൽ നിന്നാണ് സഹായം ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ പട്ടികജാതി വിഭാഗ വിദ്യാർത്ഥികളിൽ പ്രൊഫഷണൽ എൻട്രൻസ് പഠനത്തിന് ചേരുന്നവർക്ക് രണ്ട് സ്കീമുകളായിട്ടാണ് സ്കോളർഷിപ്പ് നടപ്പിലാക്കി വരുന്നത്.<br>1. വിഷൻ പദ്ധതി - പ്ലസ് ടു/വി.എച്ച്.എസ്.സി. പഠനത്തോടൊപ്പം 2 വർഷത്തെ പരിശീലന പദ്ധതി.<br>2) വിഷൻ പ്ലസ്സ് പദ്ധതി - പ്ലസ് ടു. /വി.എച്ച്.എസ്.സി. പഠനത്തിനു ശേഷം മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് അഡ്മിഷൻ ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ എൻട്രൻസ് പ്രവേശന പരീക്ഷ പരിശീലന പദ്ധതി |
| (ബി) | പഠനത്തിനായി ആശ്രയിക്കാവുന്ന സ്ഥാപനങ്ങളിൽ എംപാനൽ ചെയ്യപ്പെട്ടതും വിദ്യാർത്ഥികൾക്ക് സഹായം ലഭിക്കുമെന്ന് ഉറപ്പുള്ളതുമായ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വിദ്യാർത്ഥികൾക്ക് അറിയാനായി എന്തെല്ലാം മാർഗ്ഗങ്ങളാണ് വകുപ്പ് ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ? | (ബി) | സോഷ്യൽ മീഡിയ വഴിയും പ്രമോട്ടർമാർ വഴിയും എംപാനൽ ചെയ്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ